എച്ച്.ഡി.പി.എസ്.എച്ച്.എസ്.എസ് എടതിരിഞ്ഞി

# അനന്തവിഹായസ്സ്



## എച്ച്.ഡി.പി.എസ്.എച്ച്.എസ്.എസ്
## എടതിരിഞ്ഞി

# നമ്മുടെ വിദ്യാലയം



# ആമുഖം

വായന എന്നത് ഒരുകാലത്ത് മാനുഷ്യരുടെ രക്തത്തിൽ അലിഞ്ഞു ചേർന്ന ഒരു നവാനുഭവം ആണ്.പലർക്കും പലതാണ് വായന. പണ്ട് പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും കാഠിന്യംകുറയ്ക്കാനുള്ള ഉപാധിയായിരുന്നെങ്കിയൽ പിന്നീട് അത് ആസ്വാദനത്തിനും അറിവ് സമ്പാദിക്കുന്നതിനും ഉള്ള വേറിട്ട വഴികൾ തുറന്നു. എന്നാൽ ഇന്നത്തെ സമൂഹത്തിന് അത് അപരിഷ്കൃതമായ ഒന്ന് മാത്രമായി തിർന്നിരിക്കുന്നു.

ഇനി വരുന്ന തലമുറ വായനയെ തിരിച്ച് പിടിക്കണമെങ്കിൽ അതൊരു ശീലമാകണമെങ്കിൽ വായനയുടെ മറുതീരങ്ങൾ നാം തേടേണ്ടിരിക്കുന്നു. ഈ ഹൈടെക്ക് യുഗത്തിൽ നമുക്ക് ഇ-വായന ശീലിക്കാം ആരംഭിക്കാം വായനയുടെ സൗന്ദര്യവും മാധുര്യവും നുകരാം. കമ്പ്യൂട്ടറിന്റേയും മൊബൈലിന്റെയും മുന്നിൽ ഇനിവായനയ്ക്കായി കൂടി അല്പം സമയം മാറ്റി വയ്ക്കാം.

അതിലേയ്ക്കുള്ള ഞങ്ങളുടെ ഒരു എളിയ സംഭാവനയാണ് ഈ ഡിജിറ്റൽ മാഗസിൻ. ഇത് വായനയുടെ നവ്യാനുഭവം നിങ്ങളിൽ ഉണ്ടാകും എന്ന പ്രതീക്ഷയോടെ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുകയാണ്.

# സന്ദേശം



വികസിത രാഷ്ട്രത്തിലേക്കുള്ള കുതിപ്പിൽ ഇന്ത്യക്ക് ശക്തി പകരുന്നത് വിവര സാങ്കേതിക വിദ്യയുടെ വളർച്ചയാണ്. ശാസ്ത്ര സാങ്കേതിക മേഘലകളിൽ യുവ പ്രതിഭകളുടെ പങ്കാളിത്തം പ്രശംസനീയമാണ് .സ്വപ്നമാണ് എല്ലാ രംഗത്തും ഏറ്റവം മികച്ച സൃഷ്ടിക്ക് വഴിയൊരുക്കുന്നത് ലക്ഷ്യങ്ങളിൽ അടിയുറച്ച വിശ്വസവും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുമെന്ന ഉറച്ച ധാരണയും ഫലസിദ്ധിയിലേക്കു നയിക്കുന്നു. എടതിരിഞ്ഞി എച്ച്. ഡി. പി സമാജം ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളുടെ സ്വപ്നങ്ങളും പ്രയത്നവുമാണ് ഈ ഡിജിറ്റൽ മാസികയിൽ  ഉൾച്ചേർന്നിരിക്കുന്നത്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ് മാസ്റ്റർ

സാജൻ പി.ജി

എച്ച്.ഡി.പി.എസ്.എച്ച്.എസ്.എസ് എടതിരിഞ്ഞി

# താളുകളിലൂടെ

## കവിത


മരം ഒരു വരം............................... 1

അത്ര ഞാനല്ല !........................... 2

അമ്മ മലയാളം......................... 3

ഇടവമഴ......................................... 4

എലി............................................... 5

കർക്കിടകം വന്നേ........................ 6

കളിമരം കിളിമരം....................... 7

കുട്ടുകുടുംബം................................ 8

കടലാസ് തോണി........................9

ചെറുത്തുള്ളികൾ..........................10

പൂക്കാലം.................................11

മഴ.........................................12

മഴക്കൊതി ...............................13

**കഥ**

സമാധാനം...............................14

മണ്ടൻ കഴുത...........................15

കുട്ടിയുടെ ബുദ്ധി........................16

അറിവിന്റെ വില........................17

പുകവലി ചീത്തയാണ്...................18

**English Poem**

I Love My Earth..........................19

Shadows...................................20

**Story**

Keep your eyes open...................21

The clever barber.......................22

The Ant and The Dove.............23

## Quotes

Dr A.P.J Abdul Kalam................24
Rabindranath Tagore................25
Mahatma Gandhi.......................26
Nelson Mandela.........................27
Abraham Lincoln.......................28
Martin Luther King Jr................29
Miles Davis................................30

## SCIENCE

Benefits of Banana...................31
Space facts.................................32

## ലേഖനം

അമ്മ മലയാളം.............................33

## Patterns

WONDERFUL PATTERN.................34

PALINDROMICAL NUMBER 1...........35

PALINDROMICAL NUMBER 2..........36

MATHS PUZZLE.................................37

ENGLISH PUZZLE.............................38

## ചോദ്യങ്ങൾ

കുസൃതി ചോദ്യങ്ങൾ...................39

കടങ്കഥകൾ ..............................40

പഴഞ്ചൊല്ലുകൾ..........................41

## മറ്റുള്ളവ

ചിത്രങ്ങൾ..................................................42

സ്കൂൾ പ്രവർത്തനങ്ങൾ.......................43

# മരം ഒരു വരം

മരമൊരു വരമാണെന്നെന്നും
മരമൊരു തുണയാണെന്നെന്നും
ഓരോ മരവും വെട്ടും നേരം
നട്ടു വളർത്തുക മറ്റൊന്ന്
മഴ വേണങ്കിൽ മരം വേണം
ജീവൻ വേണേൽ മരം വേണം.
വന നശീകരണങ്ങൾ തടയേണം
വന സംരക്ഷണം തുടങ്ങേണം



# അതു ഞാനല്ല.....!



പൂച്ചേ, പ്രാതലിനെന്താണ് ?
കാച്ചിയെടുത്തൊരു പാലാണേ !
ഉച്ചയ്ക്കൂണിന്നെന്താണ് ?
ചിക്കൻ കൂട്ടി,ച്ചോറാണേ !
ചായയ്ക്കൊപ്പം എന്താണ് ?
കായ വറുത്തത് ജോറാണേ !
അത്താഴത്തിന്നെന്താണ് ?
മത്തി പൊരിച്ചത് പതിവാണേ .!
എലിയെത്തിന്നതാരാണ് ?
അതു ഞാനല്ല , നേരാണേ !

# ഇടവമഴ



ഇടിയും മിന്നലുമായിട്ടങ്ങനെ
ഇടവത്തിൽ മഴ പെയ്യുന്നു
ചെറുമഴയായിപ്പെരുമഴയായി
ചറപറചറപറ പെയ്യുന്നു
മാക്രിക്കൂട്ടം മാനം നോക്കി
പേക്രോം പേക്രോം പാടുന്നു
മുങ്ങാംകോഴികൾ മുങ്ങിപ്പൊങ്ങി
മഴനീരാട്ടു നടത്തുന്നു
തുള്ളികൾ വീഴുംനേരം മീനുകൾ
തുള്ളിതുള്ളി രസിക്കുന്നു
വെള്ളക്കൊറ്റികളൊപ്പം തുള്ളി
പള്ളനിറയ്ക്കാൻ നോക്കുന്നു
വെള്ളച്ചാലിൽ കണ്ണനൊഴുക്കിയ
വള്ളം കണ്ടോ പായുന്നു !

# കുഞ്ഞനെലി

പതുങ്ങിയിരിക്കും പകലൊക്കെ
മടയ്ക്കുള്ളിൽ കുഞ്ഞനെലി
രാത്രി നേരം വീട്ടിലൊക്കെ
ചാട്ടം ഓട്ടം ചുണ്ടെനെലി
കാർന്നു തിന്നും കടിച്ചുതിന്നും
കായികനികൾ കുഞ്ഞനെലി
വീട്ടിനകത്ത് ശല്യം തീർക്കും
തട്ടിംമുട്ടിം കൊച്ചനെലി
വടിയും ആയി വരും നേരം
ഓടിയൊളിക്കും കുഞ്ഞനെലി.



# കർക്കിടകം വന്നേ

കർക്കിടകം വന്നെത്തിപ്പോയ്
കാർമുകിൽ മാലകൊരുത്തിട്ട്
കാറ്റുംകോളുമൊരുക്കീട്ട്
കരയിൽ മാരി ചൊരിഞ്ഞിട്ട്
കുട്ടികൾ തോട്ടിലിറങ്ങുന്നേ
കൂട്ടായ് തവളകൾ തുള്ളുന്നേ
പേക്രോം പേക്രോം പാടുന്നേ!




# കളിമരം കിളിമരം

കളിമരമാണേ
കിളിമരമാണേ
കുളിരും തണലാണേ.
കുരുവികൾ, മൈനകൾ, കാക്ക, പരുന്ത്
ചെറുമഞ്ഞക്കിളികൾ
കുയിലുകൾ, പ്രാവുകൾ, വണ്ണാത്തിക്കിളി
മയിലുകൾ, തത്തമ്മ.
കളിമരമങ്ങനെ കളമൊഴിപാട്ടും
കിളിമരമായല്ലോ.
അടിപിടികൂടി കളിച്ചിരിയോടെ
കുട്ടികളും വന്നേ.....
മാമ്പഴമധുരം നുകരാനുണ്ടാൽ
ആട്ടം കൊതിയന്മാർ.
കിളിമരമാണേ
കളിമരമാണേ
കുളിരും തണലാണേ.......!



# കുട്ടകുടുംബം

കുടുംബം ഒരു കൂട്ടുകുടുംബം
മാനവരും പക്ഷികളും സർവ-
ജീവജാലവും അടങ്ങും
സുന്ദരമാകുടുംബം
ലോകവും കുടുംബവും
ഒന്നുതന്നെ



മനസിലാക്കൂ മനുഷ്യരെ നമ്മൾ
ഇനിയും എന്തിനീ
വേർത്തിരിവു തുടരണം
സുന്ദരമീ ലോകം ഒരു
കുടുംബത്തിനുസമം
സ്നേഹവും സന്തോഷം തുളുമ്പും
കുടുംബം പ്രകൃതിതൻ
കുട്ടകുടുംബം

കാണുവിൻ ഈ കുടുംബം
മായാജാലത്തിൻ സ്വർഗം
തീർക്കും ഈ ജീവജാലത്തിൽ
കുട്ടകുടുംബം

എച്ച്.ഡി.പി.എസ്.എച്ച്.എസ്.എസ് എടതിരിഞ്ഞി

# ചെറുതുള്ളികൾ

ചെറുതുള്ളികൾ ചേർന്നു
ഒഴുകും പുഴയും
ചെറുതുള്ളികൾ നകരും
പുഷ്പവും ഇനിയും
മനസിലാക്കിയില്ലാ ,
ഇനിയും ഒരു ജീവജാലവും
മരണം മനസിലാക്കുമോ
ഒരു ചെറുത്തുള്ളി പോലും
മരണം അകറ്റിടാം എങ്കിലും
മനസിലാക്കിയില്ല തൻകഴിവും
തന്നിലെ മായാജാലവും



shutterstock.com • 706195777

# കടലാസ് തോണി

തിരയിലതു നീങ്ങുന്ന കാറ്റിലതു മറയുന്ന
ഇതുവെറുമൊരു കടലാസു തോണി....
പുസ്തക താളിലെ കടലാസ് ഇതു
മഴയിൽ തോണിയായ് മാറുന്നു.....

ഒഴുകി ഒഴുകി അതു ചെന്നണഞ്ഞു
മെല്ലെ മെല്ലെ എൻ പടി വാതിൽക്കൽ.....
മഴയത്തു പാഞ്ഞത് കാറ്റത്തുലയാതെ
വന്നു മുട്ടുന്നതെൻ കടലാസുതോണി.....



# പൂക്കാലം

പൂക്കാലം വരവായെന്ന് ചൊല്ലും

ഇളം കാറ്റിനും സുഗന്ധമേകും

പൂവിതളെ.....

നിൻ സൗന്ദര്യത്തിൽ മയങ്ങുമീ

കാറ്റിലും നിൻ സൗരഭ്യം

പൂക്കാലം വരവേൽക്കും

പൂമ്പാറ്റയെ....

ആനന്ദലഹരിയിലാർമാതിക്കുന്നതും

നോക്കിനിൽപ്പൂ ഞാൻ

ആശ്ചര്യത്താൽ......

പ്രകൃതിതൻ സൗന്ദര്യത്തിൻ

പ്രതീകമായി പൂവും

പൂവുതൻ സൗന്ദര്യം നകരും

ജീവജാലങ്ങൾക്ക വേണ്ടി

വീണ്ടും വരികയോ നമ്മൾതൻ

പ്രിയമേകും പൂക്കാലം

വരവായി...........

# മഴ

നിറഞ്ഞു പെയ്യും മഴയമ്മേ
നൃത്തം ചെയ്യും മഴയമ്മേ
കാറ്റിനോടൊത്തു വന്നാലും
ഇടിയെ കൂടെ കൂട്ടല്ലേ...
ഇടിയുടെ ശബ്ദം കേട്ടാലോ
കുട്ടി ഭയന്നു കരയില്ലേ...
ഇടിയില്ലാതെ നീവന്നാൽ
നിന്നെക്കണ്ടു രസിച്ചീടാം...



# മഴക്കൊതി

എരിപൊരികൊള്ളും വേനലകന്നു

വന്നു നമുക്കായ് പെരുമഴ

ഒന്നായി കുട്ടികൾ

ഞങ്ങൾ ആർത്തുവിളിച്ചു

പുഴയിൽ മുങ്ങാൻ കൊതിയായിന്നു

നമുക്കായ് പെരുമഴയും

തുള്ളികളായിരമൊത്തു വരുന്നു

ഉള്ളു കുളിർക്കും ഇടവമഴ

കുട്ടികളാർത്തുചിരിക്കും മഴയിൽ

മേനിയിൽ തുള്ളികൾ വീഴുമ്പോൾ

വെള്ളം പൊങ്ങി പുഴയും തോടും

വയലുമതെല്ലാം ഒന്നായി......

# സമാധാനം

**ഒരു വിഡ്ഢിയുടെ മകൻ ഏതോ അസുഖം ബാധിച്ച് മരണമടഞ്ഞു.മരണശേഷം പരലോകം പ്രാപിക്കുമെന്ന് ആ വിഡ്ഢി ആരിൽ നിന്നോ കേട്ടറിഞ്ഞിരുന്നു. പക്ഷേ അത്രയും ദൂരം തന്റെ മകൻ ഒറ്റയ്ക്കെങ്ങനെ പോകും? മകൻ മരിച്ച എന്നതിൽ കൂടുതൽ വിഷമം അയാൾക്ക് മകന്റെ ഒറ്റക്കുള്ള പരലോകയാത്രയെ കുറിച്ചോർക്കുമ്പോഴായിരുന്നു. പെട്ടെന്ന് അയാൾക്കൊരു 'ബുദ്ധി' തെളിഞ്ഞു. പരലോകത്തേക്ക്, മരിച്ച കിടക്കുന്ന മകനോടൊപ്പം ഇളയവനെ കൂടി അയക്കാം. പിന്നെ പേടിക്കാനില്ലല്ലോ ! താമസിച്ചില്ല അയാൾ തന്റെ ഇളയമകനെ വധിച്ചു. ഹോ!ആ വിഡ്ഢിക്ക് എന്തു സമാധാനമായെന്നോ**

**"പരലോകയാത്രയ്ക്ക് എന്റെ രണ്ടു മക്കളുണ്ടല്ലോ. അതിനാൽ വഴിക്ക് യാതൊരു പ്രശ്നങ്ങളും അവർക്കുണ്ടാവില്ല."**

**ഇതിൽപരം ആവിഡ്ഢിയായ പിതാവിന് എന്തു സമാധാനം വേണം ?**

# മണ്ടൻ കഴുത

ഒരു കച്ചവടക്കാരന് ഒരു കഴുതയുണ്ടായിരുന്നു. കഴുതപ്പുറത്ത് സാധനങ്ങൾ കയറ്റി ചന്തയിൽ പോയി വിറ്റാണ് അദ്ദേഹം ജിവിച്ചിരുന്നത് . ഒരു ദിവസം കച്ചവടക്കാരൻ ഒരു ചാക്ക് നിറയെ ഉപ്പ് കഴുതയുടെ പുറത്ത് കെട്ടിവെച്ച് . എന്നിട്ട് ചന്തയിലേക്ക് നടന്നു . ചന്തയിൽ എത്തണമെങ്കിൽ പുഴയുടെ കുറുകേയുള്ള പാലം കടക്കണം .ധൃതിയിൽ പാലം കടന്നതിനിടെ കഴുത കാൽവഴുതി പുഴയിൽ വീണു 'ബ്ലും' അതോടെ കഴുതയുടെ പുറത്തുണ്ടായിരുന്ന ഉപ്പിൽ പാതിയും വെള്ളത്തിൽ അലിഞ്ഞു. കരയക്കു കയറിയപ്പോൾ അല്ലോ രസം കഴുതയുടെ പുറത്ത് ചുമടിന്റെ ഭാരം കുറഞ്ഞു . ഹയ്യടാ... ഇത് കൊള്ളാമല്ലോ! കഴുതക്ക് സന്തോഷമായി .

അടുത്ത ദിവസം കച്ചവടക്കാരൻ പഞ്ഞിക്കെട്ടാണ് കഴുതയുടെ പുറത്ത് കയറ്റിയത് വലിയ ഭാരമൊന്നും അതിന് ഉണ്ടായിരുന്നില്ല.ഇന്നലെ വീണതു പോലെ പുഴയിലേക്ക് വിഴുന്നതായി അഭിനയിക്കാം . എന്നിട്ട് വെള്ളത്തിൽ വീഴാം . പാലം എത്തിയപ്പോൾ കഴുത ഒറ്റ ചാട്ടം പഞ്ഞിയിൽ വെള്ളം കയറിയാൽ ഭാരം കൂടുമെന്ന് കഴുതക്ക് അറിയില്ലായിരുന്നു . കരയ്ക്ക് എത്തിയപ്പോൾ കഴുത വെള്ളം നിറഞ്ഞ ഭാരം കൂടിയ പഞ്ഞിയുമായി വേച്ചുവേച്ചു നടന്നു . തന്റെ മണ്ടത്തരം ഓർത്തു കഴുത ലജ്ജിച്ചു........



# കുട്ടിയുടെ ബുദ്ധി

ഒരാൾ കാറോടിച്ചു കൊണ്ടിരിന്നപ്പോൾ ടയറിന്റെ വെടിതീർന്നു. കാർ സൈഡിൽ ഒതുക്കിയശേഷം ആയാൾ പുറത്തിറങ്ങി നോക്കി. ഇടതുവശത്തെ ടയറാണ് പഞ്ചറായത്.പഞ്ചറായ ടയറിന്റെ നാലു നട്ടുകളും അഴിച്ച് ഓടയുടെ സ്ലാബിൽ വച്ചു. ജാക്കിവച്ച് കാർപൊക്കിയശേഷം പഞ്ചറായ ടയർ മാറ്റി സ്പെയർ ടയർ ഇട്ടു. നട്ടുകൾ താഴെയുയുള്ള ഓടയിലേക്കു വീണു. ഓട താഴ്ചയുള്ളതും അഴുക്കുനിറഞ്ഞതുമായിരുന്നു.അതുകൊണ്ട് നട്ടുകൾ എടുക്കാൻ പറ്റിയില്ല. വിഷണ്ണനായി ഇരുന്ന അയാളുടെ അടുത്ത് ഒരു കുട്ടി എത്തി കാര്യം തിരക്കി.കുട്ടി പറഞ്ഞു , "ചേട്ടൻ ഒരു കാര്യം ചെയ്യ്. മറ്റു മൂന്നു ടയറുകളിൽ നിന്നും ഓരോ നട്ട് ഊരിയെടുത്ത് ഈ ടയറിൽ ഇടുക. എന്നിട്ട് വണ്ടി ഓടിച്ചു പോയി ആദ്യം കാണുന്ന കടയിൽ നിന്നു നാലു നട്ടുകൾ വാങ്ങി ടയറുകളിൽ ഇട്ടു."

കുട്ടിയുടെ ബുദ്ധി അയാളെ രക്ഷിച്ചു.



# അറിവിന്റെ വില

ഒരു ഫാക്ടറിയിൽ ഏറ്റവും പ്രധാനപ്പെട്ട യന്ത്രം തകരാറിലായി. അവിടെയുള്ള എഞ്ചിനീയർമാർ എത്രശ്രമിച്ചിട്ടും അതു ശരിയാക്കാൻ സാധിച്ചില്ല. അവസാനം അവർ ഒരു മെക്കാനിക്കിനെ സമീപിച്ചു.ഏതു യന്ത്രത്തിന്റെയും എന്തു തകരാറുകളും പരിഹരിക്കുന്നതിൽ വിദഗ്ധനാണദ്ദേഹം . മെക്കാനിക്ക് ഫാക്ടറിയിൽ വന്നു.ഒരു ദിവസം മുഴുവൻ വിശദമായി പരിശോധന നടത്തി. അവസാനം ഒരു ചോക്കു കൊണ്ട് യന്ത്രത്തിന്റെ ഒരു ഭാഗത്ത് ഒരു ഗുണനചിഹ്നം ഇട്ടു. എന്നിട്ട് പറഞ്ഞു, “ഈ ഭാഗം തുറന്ന് അകത്തു കാണുന്ന ബോൾട്ട് മാറ്റി പുതിയത് ഇടണം.” ഫാക്ടറിയിലെ ഇഞ്ചിനിയർമാർ അപ്രകാരം ചെയ്തു. യന്ത്രം ഭംഗിയായി പ്രവർത്തിച്ചു തുടങ്ങി.

പിറ്റേ ദിവസം കമ്പനിക്ക് ഒരു ബിൽ ലഭിച്ചു. യന്ത്രത്തിന്റെ തകരാറു കണ്ടുപിടിച്ച മെക്കാനിക്കിന്റേതാണ് ബിൽ. 10,000 രൂപയായിരുന്നു ബിൽ തുക. കമ്പനിയിലെ അക്കൗണ്ടന്റ് പറഞ്ഞു, “ഇത്രയും വലിയ തുക കൊടുക്കണമെങ്കിൽ വിശദമായിട്ടുള്ള ബിൽ വേണം" . രണ്ടുദിവസം കഴിഞ്ഞപ്പോൾ വിശദമായിട്ടുള്ള ബിൽ വന്നു. അതിപ്രകാരമായിരുന്നു.

1. ഒരു ചോക്കിന്റെ വില: ഒരു രൂപ
2. ചോക്കുകൊണ്ട് എവിടെ ഗുണനചിഹ്നം ഇടണമെന്നുള്ള അറിവിന് : 9999 രൂപാ



# പുകവലി ചീത്തയാണ്

ഒരു കൊച്ചു ബാലിക ഒരിക്കൽ ഗാന്ധിജിയുടെ കയ്യൊപ്പിനായി അദ്ദേഹത്തെ സമീപിച്ചു. "ഒരൊപ്പിന് അഞ്ചുരൂപയാകും" ബാപ്പുജി ചിരിച്ചുകൊണ്ടു പറഞ്ഞു.സമരഫണ്ടിലേക്ക് സംഭാവനയായി ഗാന്ധിജിക്ക് ഒരഞ്ചുരൂപ നോട്ട് കയ്യിൽ കരുതിയിരുന്നു.അതവൾ അദ്ദേഹത്തെ ഏൽപ്പിച്ചു.

ബാപ്പുജി അത് വാങ്ങി അവളുടെ പുസ്തകത്താളിൽ ഒപ്പിട്ടു നൽകി. എന്നാൽ ആ ബാലിക തൃപ്തയായില്ല. അവൾ പറഞ്ഞു.

"ബാപ്പുജി, വെറുതേ ഒരൊപ്പു മാത്രം പോരാ. അങ്ങയുടെ രണ്ടു വാക്കും കൂടി വേണം."

അവളുടെ നിഷ്കളങ്കമായ വർത്തമാനം കേട്ടപ്പോൾ ബാപ്പുജിക്ക് സന്തോഷം തോന്നി. അദ്ദേഹം ചോദിച്ചു .

"കുട്ടി, നിന്റെ അച്ഛനെന്താണ് ജോലി " ?

"അച്ഛന് പുകയിലക്കച്ചവടമാണ്"

ബാപ്പുജി അവളുടെ പുസ്തകത്തിൽ ഇങ്ങനെ കുറിച്ചു.

**'പുകവലി ചീത്തയാണ്."**

# I Love MY Earth

**I love the earth**

**And every thing that lives.**

**I love the plants**

**And the beauty each one gives.**

**I love the animals**

**And the fishes at the sea.**

**For me, I am a part of the**

**Mother Earth**

**And it is a part of me.**



# Shadows

*I like to watch the shadows.*
*That fill my room each night*
*They always come to play there*
*when I turn out the light*



*They dance around my pillow;*
*They skip across the floor;*
*They race about the ceiling*
*And bounce against the door*

*I wish I were a shadow;*
*Then I could play at night*
*And dance around your pillow*
*When you turn out the light*

# Keep your eyes open

*Once up on a time, there was a lion that grew so he said to himself, I must do something, or else, I will die of starvation. He kept thinking and at last an idea struck him. He decided to lie clown inside the cave pretending to be ill. Those who came to enquire about his health would become his prey. He put his wicked plan in to practise and it started working. Many of well-wishers got killed. But evil is short lived*

*One day a clever fox came to visit the lion. He stood at the mouth of the cave. He looked around and under stood the reality. So he called out to the lion from out side and asked, 'how are you, sir?.' The lion replied, 'I am not feeling well why don't you come inside?' Then fox replied, 'I would love to come in, sir but I see all the foot prints as going in to your cave,*

*But no one as coming out. Saying so, the fox went to the animals. He said the reality. Then the lion died by starving*




# The clever barber

One day barber was going to nest village. One the way he had to pass through a forest. there where so many wild animals in the forest. When the barber was proceeding, a fierce lion came and stood before him. But he gathered courage and went to the lion. The lion looked at the barber in surprise. The barber said, "Oh you are hiding here. OK, I have been searching for you all over the forest."the lion as astonished to hear the barber's words. The lion was scared and he babbled, "Why are you looking for me?"

The barber replied, "the king had asked me to catch two lions for him. I have already caught one of them. I think that you will be the next one."

then the barber took his mirror and put it before the lions face the lion saw his reflection and mistook that it is a real another lion. When he saw this, the lion ran for his life and the clever barber went on his way.

# THE ANT AND THE DOVE



One hot day, an ant was searching for some water. After walking around for some time. She came to a spring. She had to climb up a blade of grass. While making her way up. She slipped and fell into water.

She could have drowned if a dove near by the tree had not seen her, seeing that the ant was in the trouble, the dove plucked off a leaf and dropped it into the water near by the struggling ant. The ant moved toward the leaf and climbed up there. Soon it carried her safely toward the ground. Just at that time a hunter was throwing out his net toward the dove hoping to trap it.

Guessing what he was about to do. The ant bit him on. By feeling the pain he dropped his net. The dove had fly away safely.


## "ONE GOOD TURN DESERVE ANOTHER"

# DR . APJ ABDUL KALAM




- *Science is a beautiful gift to humanity; we should not distort it. ...*
- *You have to dream before your dreams can come true. ...*
- *Let us sacrifice our today so that our children can have a better tomorrow. ...*
- *If you want to shine like a sun, first burn like a sun.*

# Rabindranath Tagore



- *"Clouds come floating into my life, no longer to carry rain or usher storm, but to add colour to my sunset sky."*
- *"If you cry because the sun has gone out of your life, your tears will prevent you from seeing the stars."*
- *"Let me not pray to be sheltered from dangers,*

# MAHATMA GANDHI




- "The greatness of humanity is not in being human, but in being humane."
- "In a gentle way, you can shake the world."
- "Change yourself – you are in control."

# NELSON MANDELA




- "Education is the most powerful weapon which you can use to change the world." ...
- "When a man is denied the right to live the life he believes in, he has no choice but to become an outlaw." ...
- "I learned that courage was not the absence of fear, but the triumph over it.

# Abraham Lincoln




- "Folks are usually about as happy as they make their minds up to be." ...
- "Whatever you are, be a good one." ...
- "Do I not destroy my enemies when I make them my friends?" ...
- America will never be destroyed from the outside. ...
- "My Best Friend is a person who will give me a book I have not read."

# MARTIN LUTHER KING JR.



- *"Lightning makes no sound until it strikes." ...*
- *"We may have all come on different ships, but we're in the same boat now." ...*
- *"The quality, not the longevity, of one's life is what is important." ...*
- *"Love is the only force capable of transforming an enemy into friend."*

# *MILES DAVIS*



- *“Man, sometimes it takes you a long time to sound like yourself.” ...*
- *“Don't play what's there; play what's not there.” ...*
- *“Do not fear mistakes - there are none. ...*
- *“It's like, how did Columbus discover America when the Indians were already here?*
- *“If you understood everything I said, you'd be me”*

# Benefits of banana

- *Reduce depression*
- Regulate the bowel system
- Help to prevent anaemia
- Provide us with energy
- Give power to our brains
- Help to prevent ulcer
- Help individuals to quit smoking

# SPACE FACTS

Space is amazing. The sheer vastness of it, along with the trillions upon trillions of objects in the many billion galaxies of the universe is almost incomprehensible to the human brain.

## 1. SPACE IS COMPLETELY SILENT.



There is no atmosphere in space, which means that sound has no medium or way to travel to be heard. Astronauts use radios to stay in communication while in space, since radio waves can still be sent and received.

## 2. THE HOTTEST PLANET IN OUR SOLAR SYSTEM IS 450° C.

Venus is the hottest planet in the solar system and has an average surface temperature of around 450° C. Interestingly, Venus is not the closest planet to the Sun – Mercury is closer but because Mercury has no atmosphere to regulate temperature it has a very large temperature fluctuation.

## 3. THERE MAY BE LIFE ON MARS.

Of all the planets in our solar system (apart from Earth),



Mars is the one most likely to be hospitable to life. In 1986, NASA found what they thought may be fossils of microscopic living things in a rock recovered from Mars.

## 4. NOBODY KNOWS HOW MANY STARS ARE IN SPACE.

The sheer size of space makes it impossible to accurately predict just how many stars we have. Right now, scientists and astronomers use the number of stars only within our galaxy, The Milky Way, to estimate. That number is between 200-400 billion stars and there are estimated to be billions of galaxies so the stars in space really are completely uncountable.

## 5. HALLEYS COMET WON'T ORBIT PAST EARTH AGAIN UNTIL 2061.

Discovered in 1705 by Edmond Halley, the famous comet was last seen in 1986 and is only seen once every 75 to 76 years.

## 6. A FULL NASA SPACE SUIT COSTS $12,000,000.



While the entire suit costs a cool $12m, 70% of that cost is for the backpack and control module.

## 7. NEUTRON STARS CAN SPIN 600 TIMES PER SECOND.

Neutron stars are the densest and tiniest stars in the known universe and although they only have a radius of about 10 km (6 mi), they may have a mass of a few times that of the Sun. They can rotate at up to 60 times per second after they are born from a core-collapse supernova star explosion and have been known to spin as fast as 600-712 times per second because of their physics.

## 8. THERE MAY BE A PLANET MADE OUT OF DIAMONDS.

As space facts go, this is pretty impressive. Research by Yale University scientists suggests that a rocky planet called 55 Cancri e — which has a radius twice Earth's, and a mass eight times greater – may have a surface made up of graphite and diamond. It's40 light years away but visible to the naked eye in the constellation of Cancer.

## 9. THE FOOTPRINTS ON THE MOON WILL BE THERE FOR 100 MILLION YEARS.

The Moon has no atmosphere, which means there is no wind to erode the surface and no water to wash the footprints away. This means the footprints of the Apollo astronauts, along with spacecraft prints, rover-prints and discarded material, will be there for millions of years.

## 10. ONE DAY ON VENUS IS LONGER THAN ONE YEAR.

Venus has a slow axis rotation which takes 243 Earth days to complete its day. The orbit of Venus around the Sun is 225 Earth days, making a year on Venus 18 days less than a day on Venus



# അമ്മ മലയാളം

മാതൃഭാഷ എന്നും ഒരോരുത്തർക്കും വ്യത്യസ്തമായ രീതിയിൽ അവരുടെ അഭിമാനമാണ്. ഒരു നാടിന്റെ സംസ്കാരവും തനിമയും അണുവിടച്ചോരാതെ എന്നും ഭാഷയിൽ അടങ്ങിയിരിക്കുന്നു. ഒരു നാടിന്റെ പൈതൃകത്തിലും ഭാഷയ്ക്ക് വളരെ വലിയ പ്രാധാന്യമുണ്ട്. ഒരോരുത്തർക്കും അവരുടെ ഭാഷ എന്നും പ്രിയപ്പെട്ടതാണ് ഞാനൊരു മലയാളി ആണ് എന്ന് പറയുന്നതിൽ എനിക്ക് വളരെയധികം അഭിമാനമുണ്ട്. ഞാൻ ആദ്യമായി പറഞ്ഞ വാക്ക് അമ്മാ എന്നും സ്നേഹനിധിയായി നിൽക്കുമ്പോൾ ഞാൻ എങ്ങനെ എന്റെ മാതൃഭാഷയേയും ജന്മനാടിനേയും മറക്കും.അമ്മയുടെ സ്നേഹവും അച്ഛന്റെ കരുതലും വാത്സല്യവും എല്ലാം മാതൃഭാഷയിൽ നിറഞ്ഞ് നിൽക്കും .

കൂടാതെ വടക്കേ അറ്റത്തുനിന്ന് തെക്കോട്ടുപോകും തോറും നമ്മുടെ മലയാളത്തിനുവരുന്ന മാറ്റം എനിക്ക് എന്നും അത്ഭുതം ആണ് അത് കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്.

മാത്രുഭാഷ അമ്മയ്ക്ക് തുല്യം.അത് മറക്കരുത്. മറന്നാൽ അത് സ്വന്തം ജീവിതം മറന്നതിനു തുല്യം . അഭിമാനിക്കുക എന്നും തന്റെ ഭാഷയിൽ, പാരമ്പര്യത്തിൽ പൈതൃകത്തിൽ അന്വേഷിച്ചറിയുക അതിന്റെ മഹത്വത്തെ മനസ്സിലാക്കുക അതിന്റെ മൂല്യത്തെ..........................

# WONDERFUL PATTERN

$1^3 = 1 = 1$

$2^3 = 8 = 3+5$

$3^3 = 27 = 7+9+11$

$4^3 = 64 = 13+15+17$

$5^3 = 125 = 19+21+23+25$

$6^3 = 216 = 27+29+31+33+35$

$7^3 = 343 = 37+39+41+43+45+47$

$8^3 = 512 = 49+51+53+55+57+59+61$

$9^3 = 729 = 63+65+67+69+71+73+75+77$

# PALINDROMICAL

# NUMBER 1

111 x111 =12321

111 x101 =11211

1111 x1001=1112111

11111 x10001=111121111

111111 x100001=11111211111

# PALINDROMICAL

# NUMBER 2

101+111=212

1001+1111=2112

10001+11111=21112

100001+111111=211112

# Puzzles

## 1.Tall men next door

Next door to me live four brothers of different heights. They average height is 74 inches, and the difference in height almost the first three men is two inches. The difference between the third and the fourth man is six inches.

Can you tell how tall is each brother?

## 2. A matter of time

Fifty minutes ago if it was four times as many minutes past six o’clock, how many minutes is it to six o’clock?

## 3. Brothers and sisters

A family I know has several children. Each boy in this family has many sister as brothers but each girl has twice as many brothers as sisters.

How many brother and sisters are there?

# 4.Around the equator

two identical trains ,at the equator start travelling around in the opposite directions. they start together, run at the same speed and are on tracks.

Which train will wear out its wheel treads first?

# 5. The squirrel and the post

I saw a squirrel climbing up a cylindrical post spirally, making a circuit in its feet in circumference, how many feet does it travel to top?

# 6.No change please!

I had Rs1.15 in my purse in 6 coins, but I found that i could not even change it for a rupee, half rupee, quarter rupee, ten paisa or five paisa.

# ANSWERS

**1**.The first brother is 70 inches tall, the second72 inches, the third 74 inches and the fourth brother 80 inches tall.

**2.** twenty-six minutes.

**3.** since the boys have many sisters and brothers. There must be 1 boy more than the number or the girls. If we try 2 and 1, 3 and 2, 4 and 3, we will find that 4 boys and 3 girls is the solution to fulfil the requirement that of each girl has twice as many brothers as sisters.

**4.**naturally, the train travelling the spin of the earth. This train will wear out it's wheels more quickly, because the centrifugal force is less on this train.

**5**.since the squirrel climbs 5 ft. In ascending 4ft.of the pole, he travels 20ft.in climbing 16ft.

**6.** I had one fifty paise coin, one 25 paise coin and four 10 paise coins.

# WORD PUZZLE

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| **P** | **J** | **P** | **C** | **E** | **W** | **W** | **Y** | **R** | **J** |
| **S** | **Q** | **H** | **N** | **R** | **L** | **L** | **Y** | **Q** | **B** |
| **N** | **P** | **W** | **D** | **A** | **A** | **T** | **V** | **M** | **A** |
| **E** | **O** | **Q** | **X** | **O** | **H** | **X** | **V** | **I** | **L** |
| **T** | **F** | **I** | **Z** | **X** | **N** | **P** | **G** | **W** | **W** |
| **T** | **N** | **F** | **L** | **L** | **L** | **E** | **E** | **F** | **A** |
| **T** | **P** | **S** | **A** | **R** | **R** | **J** | **E** | **L** | **F** |
| **W** | **F** | **T** | **F** | **R** | **W** | **B** | **W** | **J** | **E** |
| **C** | **Q** | **P** | **X** | **V** | **I** | **V** | **B** | **O** | **T** |
| **Y** | **E** | **K** | **N** | **O** | **M** | **G** | **J** | **O** | **W** |

## ANSWERS

| | |
|---|---|
| 1 | ELEPHANT |
| 2 | TIGER |
| 3 | GIRAFFE |
| 4 | LION |
| 5 | MONKEY |

# കുസൃതി ചോദ്യങ്ങൾ

- പശു തിന്നുന്ന കോൽ
- ഇഷ്ടിക കൊണ്ട് പണിയുന്ന ഒരു വീടിന്റെ പണി പൂർത്തിയാക്കാൻ ഏറ്റവും കുറഞ്ഞത് എത്ര ഇഷ്ടിക വേണം
- എടുക്കുന്തോറും വലുതാകുന്നതെന്ത്
- തിന്നാൻ കഴിയാത്ത കാരറ്റുള്ളതെവിടെ
- വായ് നോക്കുവാൻ ബിരുദമെടുത്തവർ ആരാണ്
- തവളയുടെ മുമ്പിലും കഴുതയുടെ പിമ്പിലും കുതിരയുടെ നടുക്കും കാണുന്നതെന്ത്
- എല്ലാവരും തെന്നി വീഴുന്ന രാജ്യം
- സ്ത്രീകളെ വിളിക്കുവാൻ ഉപയോഗിക്കുന്ന ഇംഗ്ലീഷ് അക്ഷരം
- ചില്ലാണ് മുന്നിൽ.ഒരു പോറൽ പോലുമേൽപ്പിക്കാതെ അകത്തു കയറാൻ കഴിയുന്നതാർക്ക്
- മലയാളികൾ അടുക്കളയിലും ഹിന്ദിക്കാർ പോക്കറ്റിലും വയ്ക്കുന്നതെന്ത്

**ഉത്തരങ്ങൾ**

- വൈക്കോൽ
- ഒരു ഇഷ്ടിക
- കുഴി
- സ്വർണ്ണക്കടയിൽ
- ദന്ത ഡോക്ടർമാർ
- ത
- ഗ്രീസ്
- ഡീ
- പ്രകാശം
- കലം(ഹിന്ദിയിൽ കലം എന്നാൽ പേന)

# കടങ്കഥകൾ

1.അമ്മ തൊട്ടാലും അമ്മയെ തൊട്ടാലും മകൻ മുങ്ങി മരിക്കും

-ഉപ്പ്

2.അമ്മ കല്ലിലും ചേറിലും മകളാണെങ്കിൽ കല്യാണ പന്തലിൽ

-വാഴ,വാഴക്കുല

3.ജനിക്കുമ്പോൾ മരിച്ചിട്ട് പിന്നെ ജീവിക്കും

-പക്ഷികളുടെ മുട്ട

4.ആളന്നു നോക്കാനാവില്ല ളുക്കിനോക്കാനാവില്ല
എല്ലായിടത്തും ഓടിനടക്കും

-കാറ്റ്

5.കണ്ടാൽ മുണ്ടൻ കാര്യത്തിനു വമ്പൻ

-കുരുമുളക്

6.എല്ലില്ലാ തലയില്ലാ കൈക്ക് കരുത്തില്ലാ ആരാന്റെ
കാലോണ്ടെ ഞാൻ നടക്കു

-കുപ്പായം

7.നാല് കാലുണ്ട് നടുവുണ്ട് മുതുകുണ്ട് കാക്കക്ക്
തിന്നാനിറച്ചിയില്ല

-കസേര

8.തലയിൽ തൊപ്പി കാലിലും തൊപ്പി

-ഉലക്ക

9.കറുകറുത്ത പാറമ്മേൽ വെള്ളവെള്ളത്ത വേരോടി

-ആനക്കൊമ്പ്

10.ഒരു കുഴിയിൽ രണ്ടു പാമ്പുകളുടെ വിളയാട്ടം

-നെല്ലുകുത്തൽ

11.ചുവന്നവൻ പിന്നെ കറുത്തവനാകും

-മൺകലം

12.കുന്നിൻപുറത്തെ കോഴി തലകീഴായി തൂങ്ങി

-കശുമാങ്ങ

13.കുളിക്കാൻ പോകുമ്പോൾ ആടിക്കുഴഞ്ഞ് കുളിച്ച്
വരുമ്പോൾ നേരേനിവർന്ന്

-പപ്പടം

14.പച്ചച്ചുള്ള മുരിക്കാൻപെട്ടി
പെട്ടി നിറച്ച് ചപ്പും ചവറും
ചപ്പിനകത്ത് നിറച്ചും കുപ്പി
കുപ്പിയിലൊക്കെയൊരേ ഗുളിക

-ചക്ക

15.ആയിരം ഓമനകൾക്ക് ഒരരഞ്ഞാൺ

-ചൂല്

# പഴഞ്ചൊല്ലുകൾ

- അച്ഛൻ ആനപ്പുറം കയറിയാൽ മകന് തഴമ്പുണ്ടാകുമോ
  (കുടുംബ മഹത്വം പറഞ്ഞ് വീമ്പിളക്കി നടക്കുന്നത് വെറുതെയാണ്)
- അച്ചിക്ക് കൊഞ്ചുപക്ഷം നായർക്ക് ഇഞ്ചിപക്ഷം
  (അന്യോന്യം പൊരുത്തപ്പെടാത്ത ജീവിതം)
- അടിതെറ്റിയാൽ ആനയും വീഴും
  (എത്ര വലിയവനായാലും ചുവടുപ്പിഴച്ചാൽ വീഴുക തന്നെ)
- അളയിൽ ചവിട്ടിയാൽ ചേരയും കടിക്കും.
  (അക്രമം അസഹ്യമായാൽ കഴിവു കുറഞ്ഞവനനും എതിർക്കും)
- ആകെ മുങ്ങിയാൽ കുളിരില്ല
  (നാണം കെട്ടവന് പിന്നെന്ത് നാണക്കേട്)
- ആറിയ കഞ്ഞി പഴങ്കഞ്ഞി
  (കാലപ്പഴക്കം ഉത്സാഹംകെടുത്തും)
- ആനകൊടുത്താലും ആശ കൊടുക്കരുത്
  (നന്നായി ആലോചിച്ചു വേണം ആശ കൊടുക്കാൻ)
- ആവശ്യങ്ങളാണ് സൃഷ്ടിയുടെ മാതാവ്
  (ആഗ്രഹം ഫലവത്താകുമ്പോൾ അതിനു വിഘാതം വരിക)
- അധികമായാൽ അമൃതം വിഷം
  (എത്ര നല്ല വസ്തുവായാലും അമിതമായാൽ ദോഷഹേതു ആയി ഭവിക്കും)
- അമ്മയുടെ മടയിയിൽ ഇരിക്കയും വേണം , അച്ഛന്റെ കൂടെ നടക്കും വെണം.


  **(അപ്രയോഗികമായ ശാഠ്യം)**

# घमंडि तितलि

एक सुदंर चमकदार और रंगीन तितलि थी। लेकिन वह बहुत घमंडि थी। एक दिन उसे एक हाथि का बच्चा दिखा। वह उड़कर उसके कान पर बैठ गई। हाथि ने उससे पूछा, "तुम कोन हो?" तितली धमंडपूर्वक बोली, "मैं एक सुदंर तितलि हुँ। लेकिन तुम कितने भद् दे और मोटे हो। तुह्मारा शरीर बहुत भारी - भरकम है। जबकि मैं बहुत नाजुक और हल्की हुँ। लोंग मेरे रंगीन पंखों कों देखकर जलते हैं।"

हाथी शान्तिपूर्वक बोला," तुमसे मिलकर बड़ी खुशी हुई।" तितली अपनी बात जारी रखते हुए बोली, " हम दोनों के बीच कोई तुलना नहीं हो सकती। कहाँ तुम और कहाँ मैं। तुह्मारे चार पैर हैं और मेरे छह। तुम फूलों से पराग नहीं पी सकते, जबकि मैं पी सकती हुँ।"


जब वह यह बात बोल रही थी, तभी अचानक बड़े जोर की हवा चली। तितली अपना संतुलन नहीं बनाकर रख सकी और हवा के साथ उड गई। हाथी वहीं खड़ा यह देखता रहा और बोला, " अब तुम्हें अपनी कमी का पता भी चल गया होगा।"



# ചിത്രങ്ങൾ



സൗരവ് കെ എസ്



**അബ്ദുൾ ഹമീദ് ടി എസ്**



സൗരവ് കെ എസ്

എച്ച്.ഡി.പി.എസ്.എച്ച്.എസ്.എസ് എടതിരിഞ്ഞി

# LITTLE KITES AWARD






KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

GOVERNMENT OF KERALA
GENERAL EDUCATION DEPARTMENT

Little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION [KITE]
GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA

CERTIFICATE OF AWARD

Little KITEs

This certificate is awarded to honouring **HDPS HSS EDATHIRINJI, THRISSUR** as the District Level Third Place winner of Best **Little KITEs** Award 2018-19.

Thiruvananthapuram
04.07.2019

K. ANVAR SADATH
Vice Chairman & Executive Director



എച്ച്.ഡി.പി.എസ്.എച്ച്.എസ്.എസ് എടതിരിഞ്ഞി

# സ്കൂൾ പ്രവർത്തനങ്ങൾ


















എച്ച്.ഡി.പി.എസ്.എച്ച്.എസ്.എസ് എടതിരിഞ്ഞി


















മാതൃസംഘം യോഗം ഉദ്ഘാടനം HDPSHSS മാനേജർ ശ്രീ ഭരതൻ കണ്ടേങ്കാട്ടിൽ നിർവഹിച്ചപ്പോൾ (10-10-2019)

തൃശൂർ റൂറൽപോലീസ് ഡോഗ്ക്വാഡിന്റെ നേതൃത്വത്തിൽ എടതിരിഞ്ഞി HDPSHSS ൽ സംഘടിപ്പിച്ച ശ്വാന പ്രദർശനത്തിൽ ഹണിയും, സ്വീറ്റിയും, റാണയും ശ്രദ്ധാകേന്ദ്രങ്ങളായി. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ(SPG) യോഗത്തിന് മുൻപായി നടന്ന പ്രദർശനം വിദ്യാർത്ഥികളെയും, പഞ്ചായത്ത്ഭരണസമിതിഅംഗങ്ങളെയും, സമാജം ഡയറക്ടർ ബോർഡ്അംഗങ്ങളെയും, പിടിഎ അംഗങ്ങളെയും ആവേശഭരിതരാക്കി.





ഈ മാസികയുടെ ഒരോ
താളിലൂടെയും നിങ്ങൾ കടന്ന് പോകുമ്പോൾ
ഞങ്ങളുടെ കുഞ്ഞിമനസ്സിൽ വിരിഞ്ഞ
സംശയങ്ങളും , സന്തോഷങ്ങളും, ദുഃഖങ്ങളും,
കവിതകളായും കഥകളായും, നിങ്ങളുടെ

മനസ്സിലേയ്ക്ക് എത്തിയിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഞങ്ങളുടെ ഇത്തരം കാഴ്ച്ചപ്പാടുകളെയും അഭിപ്രായ പ്രകടനങ്ങളെയും ഇരു കൈയും നീട്ടി സ്വീകരിച്ചതിന് ഞങ്ങളുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.......

# നന്ദി...

By Little Kite members